## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*365 26.06.2013-ൽ മറുപടിക്ക്.

### അന്യ സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും മിനിമം കൂലിയും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ :<br>ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. എൻ. ഷംസുദ്ദീൻ : | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) അന്യ സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (എ) | അന്യ സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം കണക്കിലെടുത്ത് ടി തൊഴിലാളികളുടെ രജിസ്ട്രേഷനും സോഷ്യൽ സെക്യൂരിറ്റിയും ഉറപ്പു വരുത്തുന്നതിന് ഒരു പുതിയ നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികൾക്ക് സാധാരണ ചികിത്സാ ധനസഹായം, അപകടം സംഭവിച്ചാൽ ഉണ്ടാകുന്ന ചികിത്സക്കുള്ള സഹായം, അപകടത്തിൽ മരണപ്പെട്ടാൽ നോമിനിയ്ക്ക് ധനസഹായം, ഭൗതിക ശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, സംസ്ഥാനത്തെ തൊഴിൽ നിർത്തി പോകുന്നവർക്ക് ടെർമിനൽ ബെനിഫിറ്റ് എന്നിവ നൽകുന്നതിനുള്ള ഉദ്ദേശ്യമുണ്ട്. ഈ നിയമപ്രകാരം തൊഴിലാളികളെ രജിസ്റ്റർ ചെയ്യേണ്ട ചുമതല തൊഴിലുടമകൾക്കാണ്. |
| ബി) ഇവർക്ക് മിനിമം കൂലി ഉറപ്പുവരുത്താൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ; | (ബി) | അന്യ സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ പ്രവൃത്തി മേഖലകളിൽ നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി ലഭിക്കുന്നതിന് അർഹതയുണ്ട്. ആയത് തുടർച്ചയായ സ്ഥാപന പരിശോധനകളിലൂടെ അസിസ്റ്റൻറ് ലേബർ ഓഫീസർമാരും ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള സ്ക്വാഡും ഉറപ്പാക്കുന്നുണ്ട്.<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള ശക്തമായ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. |

(സി) ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ?

(സി) അന്യ സംസ്ഥാന തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന നഗരങ്ങളിൽ ലിവിംഗ് ഷെൽട്ടറുകൾ നിർമ്മിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇവർക്കു പാർപ്പിട സൗകര്യം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകാൻ തൊഴിലുടമ ബാദ്ധ്യസ്ഥനാണ്. അന്യ സംസ്ഥാന തൊഴിലാളികൾ കൂടുതലായി അധിവസിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രാരംഭമായി ടി പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ആയതിലേക്കായി മേൽ ജില്ലകളിൽ സർക്കാർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.

സെക്ഷൻ ആഫീസർ.